# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 31-05-2014

## പ്ലസ്‌വൺ ഓൺലൈൻ പ്രവേശം അട്ടിമറി അന്വേഷിക്കണം

-കെ എസ് ടി എ

ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ദ്രോഹിക്കുകയും ആശങ്കാകുലരാക്കുകയും ചെയ്ത പ്ലസ്‌വൺ പ്രവേശന അട്ടിമറിയിൽ ശക്തമായ രീതിയിൽ പ്രതിഷേധിക്കുവാൻ ജനങ്ങൾ തയ്യാറാവണമെന്നും ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും കെ എസ് ടി എ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടു.

ഏകജാലകപ്രവേശനം അട്ടിമറിക്കുന്നതിനു മുന്നോടിയായി വേണം ഇതിനെ കാണാൻ. നിരവധി വിദ്യാർത്ഥികൾക്ക് ഇതുവരെ അപേക്ഷിക്കാൻ പോലും കഴിഞ്ഞിട്ടില്ല. സാങ്കേതിക തകരാണ് എന്നാണ് പറയുന്നത്. തകരാറ് ബോധപൂർവ്വം ഉണ്ടാക്കിയതാണോ എന്നു പോലും സംശയിക്കേണ്ടിയിരിക്കുന്നു. കംപ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യമില്ലാത്ത കുട്ടികൾക്ക് ഇന്റർനെറ്റ് കഫേകളിൽ വൻതുക കൊടുക്കേണ്ടിവന്നിട്ടുണ്ട്. കഴിഞ്ഞ വർഷം അപേക്ഷാ ഫോറത്തിന് 10 രൂപയായിരുന്നു. എന്നാൽ ഇപ്പോൾ അപേക്ഷയുടെ പ്രിന്റിനോടൊപ്പം 25 ഉം 50 ഉം രൂപ വസൂലാക്കുന്നുണ്ട്. ഏകജാലക പ്രവർത്തനം അട്ടിമറിച്ച് അൺ എയ്ഡഡ് സ്കൂളുകളെ സഹായിക്കാനുള്ള സർക്കാരിന്റെ ഇത്തരം നീക്കങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കും.

അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യത്തിലും സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കുന്ന നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാർ സ്കൂളുകൾക്ക് അധിക ബാച്ചിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാക്കാൻ ചില റീജണൽ ഓഫീസുകൾ ശ്രമിക്കുന്നതായും പരാതി ഉയർന്നിട്ടുണ്ട്. ലക്ഷക്കണക്കിന് സാധാരണക്കാരായ കുട്ടികളുടെ ഭാവി അപകടത്തിലാക്കുന്ന ഇത്തരം നടപടികളിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി